

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.P9-1747/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/12/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.P9-1747/24 തീയ്യതി: 16/12/2024

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2023 മുതൽ 17-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി. ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	18-11-2024	26-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-11-2024	26-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജിഷ.ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
അനില.സി.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
സുനിൽകുമാർ.എൻ.വി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.പി.എം.സലീം	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ആഷിഫ്.പി.	സെക്രട്ടറി	01-04-2023	03-07-2023
ശ്രീ.പ്രശാന്ത്കുമാർ.എൻ. അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-07-2023	31-07-2023
ശ്രീ.പ്രദീപ്കുമാർ.എൻ.	സെക്രട്ടറി	01-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അശ്വതി.പി.	കൃഷി ഓഫീസർ	01-04-2023	09-06-2023
ശ്രീമതി.അർച്ചന മുരളി	കൃഷി ഓഫീസർ-ഇൻ-ചാർജ്	10-06-2023	14-06-2023
ശ്രീമതി.നവ്യ.എം.	കൃഷി ഓഫീസർ	15-06-2023	13-07-2023
ശ്രീമതി.ഫെബിമോൾ.എം.	കൃഷി ഓഫീസർ	14-07-2023	08-08-2023
ശ്രീമതി.ആര്യകൃഷ്ണൻ.ജെ.യു.	കൃഷി ഓഫീസർ	09-08-2023	02-09-2023
ശ്രീമതി.ഫെബിമോൾ.എം.	കൃഷി ഓഫീസർ	03-09-2023	31-03-2024
ശ്രീ.സജീൽ.എസ്.രാജ്.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	19-06-2023
ശ്രീ.മുഹമ്മദ് റാഫത്	അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്)	20-06-2023	01-09-2023
ശ്രീ.സഹീർ.എം.	അസിസ്റ്റന്റ് എഞ്ചിനീയർ	02-09-2023	31-03-2024
ശ്രീമതി.ദീപ ഫ്രാൻസിസ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.സിമ്മി.പി.എൻ.	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.	01-04-2023	31-03-2024
ഡോ.പി.കെ.നടാഷ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	07-09-2023

ഡോ.പി.കെ.ദിനേശൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	08-09-2023	31-03-2024
ഡോ.ശ്രീരാജ്	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2023	31-03-2024
ഡോ.അതുല്യ	വെറ്ററിനറി സർജൻ	01-04-2023	09-06-2023
ഡോ.സജിത	വെറ്ററിനറി സർജൻ	10-06-2023	19-11-2023
ഡോ.പ്രിൻസി ജോൺസൺ	വെറ്ററിനറി സർജൻ	20-11-2023	31-03-2024
ശ്രീ.രാധാകൃഷ്ണൻ	പ്രധാന അധ്യാപകൻ	01-04-2023	31-03-2024
ശ്രീമതി.ആഷ.എം.ആർ.	വി.ഇ.ഒ.	01-04-2023	03-07-2023
ശ്രീമതി.ശരണ്യ.എ.പി.	വി.ഇ.ഒ.	04-07-2023	16-08-2023
ശ്രീ.സുബൈർ.എം.	വി.ഇ.ഒ.	17-08-2023	16-10-2023
ശ്രീ.യാസർ അറഫത്ത്	വി.ഇ.ഒ.	17-10-2023	02-11-2023
ശ്രീമതി.ശരണ്യ.എ.പി.	വി.ഇ.ഒ.	03-11-2023	21-12-2023
ശ്രീ.അജിത് മോഹൻ.സി.	വി.ഇ.ഒ.	22-12-2023	31-03-2024
ശ്രീ.അനീഷ് നാരായണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ.പ്രശാന്ത്കുമാർ.എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	22-08-2023
ശ്രീ.ഷാബു.എ, ഹെഡ്ക്ലാർക്ക്	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്	23-08-2023	14-09-2023
ശ്രീമതി.ഗിരിജ.സി	അസിസ്റ്റന്റ് സെക്രട്ടറി	15-09-2023	25-12-2023
ശ്രീ.നാരായണൻ.എം.എസ്	അസിസ്റ്റന്റ് സെക്രട്ടറി	26-12-2023	23-03-2024
ശ്രീ.ഷാബു.എ, ഹെഡ്ക്ലാർക്ക്	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്	24-03-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത	1-1-2
4	ഹെൽത്ത് ഗ്രാന്റ് -AFS, ചെലവു പത്രിക എന്നിവയിലെ ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-3
5	ലൈഫ് പദ്ധതി -ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്റർ-AFS, ACR പൊരുത്തപ്പെടുന്നില്ല	1-1-5
7	അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-6
8	പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ വിവരം രേഖപ്പടുത്തുന്ന രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-7
9	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-8
10	ബഡ്ജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പു പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ്	1-8
17	ആഭ്യന്തരനിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയില്ല	1-11
20	യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്	1-12
21	ഹെൽത്ത് ഗ്രാന്റ് -ഒരേ സാങ്ഷൻ ഓർഡർ പ്രകാരം രണ്ടു പ്രാവശ്യം തുക അനുവദിച്ചു	1-13
22	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	1-14
23	എ ബി സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമല്ല	1-15
24	അംഗണവാടി കെട്ടിട നിർമ്മാണം വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-16
25	വനിത ജിംനേഷ്യം പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-17
26	കണ്ടിജന്റ് ചെലവുകൾ -ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-18
27	പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമായില്ല	1-19
28	സമഗ്ര കുടിവെള്ളപദ്ധതിക്ക് സ്ഥലം വാങ്ങൽ- ആസ്തി രജിസ്റ്ററിൽ ചേർത്തിയിട്ടില്ല.പോക്കുവരവ് നടത്തിയിട്ടില്ല	1-20
29	തെരുവുവിളക്ക് പരിപാലനം	1-21

30	സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം	1-22
31	പ്രീ പ്രൈമറി കുട്ടികളുടെ കലാകായിക മത്സരം	1-23
32	സാക്ഷരതാ തുല്യതാ പഠനം	1-24
33	അങ്കണവാടി കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പുവരുത്തിയിട്ടില്ല	1-25
34	കോക്ലിയർ ഇംപ്ലാന്റേഷൻ തുടർചികിത്സ - തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്	1-26
35	ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തിയായിട്ടില്ല	1-27
36	ഗാർഹിക കക്കൂസ് നിർമ്മാണം- അധികം തുക അനുവദിച്ചു	1-28
37	ലൈഫ് ഭവനനിർമ്മാണം - രജിസ്റ്ററിൽ പൂർണ്ണവിവരം രേഖപ്പെടുത്തിയിട്ടില്ല	1-29
38	പി എം എ വൈ വിഹിതം നൽകൽ - വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല	1-30
39	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-31
40	തുടർനടപടികളുടെ അഭാവം(മെഡിക്കൽ ഓഫീസർ -ഹോമിയോ)	1-32
41	ഗുണഭോക്തൃലിസ്റ്റ് തിരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കേണ്ടതാണ്	1-33
42	മരാമത്ത് പ്രവൃത്തികൾ -അവലോകനം	1-34
43	ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-35
44	പഴയ മോട്ടോർ -തുടർ നടപടി സ്വീകരിക്കേണ്ടതാണ്	1-36
45	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങൽ -വിതരണം നടത്തിയിട്ടില്ല	1-37
46	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-എസ്.സി.വിഭാഗം-സർക്കാർ മാർഗ്ഗ നിർദേശം പാലിച്ചിട്ടില്ല	1-38
47	അതിദാരിദ്യനിർമ്മാർജന പദ്ധതി	1-39
48	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ.അപാകത പരിഹരിക്കേണ്ടതാണ്	1-40
49	പൊതു ടാപ്പ് -വെള്ളക്കരം കുടിശ്ശിക ഒഴിവാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്	1-41
50	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. വാങ്ങലുകളിൻമേൽ ജി.എസ്.ടി..ടി.ഡി.എസ് ഈടാക്കിയിട്ടില്ല	1-42
51	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- 'കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ'-അവലോകനം	1-43

ഭാഗം 2

--- No Records Found ---

ഭാഗം 3

1	ഗാർഹിക കക്കൂസ് നിർമ്മാണം- അധികം തുക അനുവദിച്ചു	3-1

ഭാഗം 4		
1	വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	വായ്പാ/വായ്പാ തിരിച്ചടവ്	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗ നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്ക എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ് ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 1- തീയതിയിലെ 6(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 5-7-2024 തീയത എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രിക അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫ ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാ ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാ ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തു പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. ക പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തു അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളു വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളു അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാന അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ വിധേയമായി, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ് വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയു സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി: 16-12-'24. ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15753147.00 രൂപ എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generat Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക -5369102.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാര രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമ സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഹെൽത്ത് ഗ്രാന്റ് -AFS, ചെലവു പത്രിക എന്നിവയിലെ ചെലവ പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് -Health Grant Towards Support For Diagnostic Infrastructure To Th ചെലവ് ചെലവു പത്രിക പ്രകാരം ₹660817. വാർഷിക ധനകാര്യ പത്രിക പ്ര ₹693439. പൊരുത്തപ്പെടുന്നില്ല. ഒരേ സാങ്ഷൻ ഓർഡർ പ്രകാരം ചിപ്പു സ്റ്റോർ സ്ഥാപനത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു.

1-1-4 ലൈഫ് പദ്ധതി -ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി വായ്പയുടെ ലോൺ വരവ്, തിരിച്ചടവ്, ബാലൻസ് വിവ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ-AFS, ACR പൊരുത്തപ്പെടുന്നില്ല

AFS പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	AFS പ്രകാരം-RP-33				രജിസ്റ്റർ പ്രകാരം			
	മുന്നിരിപ്പ്	ലഭിച്ചത	തിരിച്ചു കൊടുത്തത്	നീക്കിയിരിപ്പ്	മുന്നിരിപ്പ്	ലഭിച്ചത	തിരിച്ചു കൊടുത്തത്	നീക്കിയിരിപ്പ്
Suppliers' Security Deposit	132548	---	7500	125048	132548	---	---	132548
Contractors' Retention	35159	4707	---	41031	35159	---	---	35159
Other Deposits	176250	---	---	176250	196250	---	20000	176250
Other Deposits	38538	---	---	38538	38538	---	10000	28538

1-1-6 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ -മുഴുവൻ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല.

1-1-7 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ വിവരം രേഖപ്പടുത്തുന്ന രജി കാലികമാക്കിയിട്ടില്ല

ശുചിത്വ മിഷൻ, CFC ഗ്രാന്റുകൾ, മറ്റു കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എന്നിവ വിവരം രേഖപ്പെടുത്തുന്നതിന് ACR സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയ ILGMS ലെഡ്ജറിലും തുക സംബന്ധിച്ച് ഇനം തിരിച്ച് വിവ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂ Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infra Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ട

1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 18-3-2023- ന് ചേർന്ന ഭരണസമിതി യോഗത്തിലെ തീര നമ്പർ:01 പ്രകാരം ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിത 09.02.2024 തീയതിയിൽ 4(1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ച എ അംഗീകരിച്ചിട്ടുണ്ട്.
ബഡ്ജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	13073622
വരവ്	303747263
ആകെ	316820885
ചെലവ്	304945209
നീക്കിയിരിപ്പ്	11875676

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹23235516
വരവ്	₹52964104
ആകെ	₹76199620
ചെലവ്	₹37210957
നീക്കിയിരിപ്പ്	₹38988663

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	23542200	23542200	20510303	3031897
വികസനഫണ്ട് എസ്.സി.പി	0	7823000	7823000	7256486	566514
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	22104650	22104650	4592863	17511787
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	2726600	2726600	2706011	20589
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക	2081921	3938000 + 231672(Int) =4169672	6251593	3802287	2449306
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക	6665158	2953500	9618658	2853591	6765067

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ് & ടൈഡ്)- മുന്നിരിപ്പ് വർഷത്തെ ബാലൻസ് ഷീറ്റ് B-4 പ്രകാരം ₹8750079. എന്നാൽ 2022-23 വർഷത്തെ

Schedule 40-(B), 2023-24 വർഷത്തെ R&P Schedule 40-(A) എന്നിവ പ്രകാരം ₹8783771ആ
നീക്കിയിരിപ്പ് - 2023-24 വർഷത്തെ R&P Schedule 40-(B), പ്രകാരം ₹9386852. വർഷത്തെ ബാലൻസ് ഷീറ്റ് B-4 പ്രകാരം ₹9214373 ആണ്.

മുന്നിരിപ്പിലെ വ്യത്യാസം ₹33692/- നീക്കിയിരിപ്പിലെ വ്യത്യാസം ₹172479/- വ വർഷാവസാനം ഒടുക്കാനുള്ള GST, IT, KCWWF തുകകൾ ഏ ഒടുക്കിയതിനാലാണ്.

കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സമ്പൂർണ്ണ ശുചിത്വം	1427070	376647	1803717	1125162	678555
ICDS	1595954	2463175	4059129	884175	3174954
Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	162165	390000 +9540(Int.) =399540	561705	529879	31826
Health Grant Towards Support For Diagnostic Infrastructure To The PHCs	296833	933000+ 21423(Bank Int.) =954423	1251256	693439*	557817

*ഹെൽത്ത് ഗ്രാന്റ് -Health Grant Towards Support For Diagnostic Infrastructure To The PHCs-6 ചെലവു പത്രിക പ്രകാരം ₹660817. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറി നം.7/20-3-2024ന് ചിപ്പു എന്ന സ്ഥാപനത്തിന് അക്കൌണ്ടിംഗ് പിഴവ് മൂലം ₹32622/- അ നൽകിയതിനാൽ പ്രസ്തുത തുക തിരിച്ചടക്കുന്നതിന് സ്ഥാപനത്തിന് നൽകിയിട്ടുണ്ട് എന്നും ആയത് അടിയന്തിരമായി പരിഹരിച്ച് അറിയിക്കുന എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്*	3515	1266846	1270361	1270361	0
എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	26782706	26782706	26782706	0
ആകെ	3515	28049552	28053067	28053067	0

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷൻ(ജനറൽ)	360000	4300000	4660000	3710000	950000
സാക്ഷരതാ മിഷൻ	293	16928	17221	16928	293
വിമുക്തി	104158	20000	124158	0	124158

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ആയുഷ് മിഷൻ	0	500000	500000	0	500000

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
318	346623970	173	119995981	0	145	54.4

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	8	8	3216166	1958492	60.9
വി.ഇ.ഒ.	16	10	79286365	17582450	22.18
ഐ.സി.ഡി.എസ് സൂപ്പർവൈസർ	12	7	7966742	5259915	66.02
സെക്രട്ടറി	54	40	14615240	13386828	91.59
അസിസ്റ്റന്റ് എഞ്ചിനീയർ	173	63	52534182	10284968	19.58
മെഡിക്കൽ ഓഫീസർ-PHC	16	15	5743322	4620777	80.45
മെഡിക്കൽ ഓഫീസർ-ആയുർവേദം	3	3	600000	600000	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	150000	150000	100
വെറ്ററിനറി സർജ്ജൻ	7	7	2469800	2189800	88.66
പ്രധാന അധ്യാപകൻ	9	6	2300000	1822200	79.23
അസിസ്റ്റന്റ് സെക്രട്ടറി	17	11	176142453	60991991	34.63
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1599700	1148560	71.8

ആകെ	318	173	346623970	119995981	34.62

*ചെലവു പത്രികയിൽ ജി.ഒ. പ്രൊജക്ടുകളായ ലൈഫ് (ജനറൽ), ലൈഫ് (എസ്ടി ലൈഫ്(ട്രി.എസ്.പി), അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുടെ ആകെ തുക ₹3842624/- വരവിലെടുക്കുകയും ചെലവിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്*	3515	1266846	1270361	1270361	0
എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	26782706	26782706	26782706	0
ആകെ	3515	28049552	28053067	28053067	0

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമനം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	2662800	269
2	വിധവാ പെൻഷൻ	12627100	1231
3	വാർദ്ധക്യകാല പെൻഷൻ	17753200	1943
4	വികലാംഗ പെൻഷൻ	3727800	364
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1265600	119

1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ബാലൻസ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ 18/11/2024 തീയതിയിൽ 3.00 നടത്തിയ പരിശോധനയിൽ 13672/-(പതിമൂവായിരത്തി അറുനൂറ്റി എഴുപത്തി രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങ
അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓ
ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേ
സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടു
വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക്
അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർ
റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്
നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1
കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ)
പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം ക
മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റ
അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന
കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം
പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സ
യോഗങ്ങളുടെ മിനിട്സുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനു
ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി
ചെയ്യേണ്ടതാണ്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2024 ഫെബ്രുവരി മാസം പ്രാബല്യ
പുതുക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃ
ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധി
ഇടപെടലിന്റെയും അഭാവത്തിൽ 2023-24 വർഷം അംഗീകാരം ലഭിച്ച പ്രൊജ
നടപ്പിലാക്കുന്നതിന് വകയിരുത്തിയ ₹34623970യിൽ ₹119995981 മാ
ചെലവഴിച്ചിട്ടുള്ളത്. ₹226627989/- രൂപയുടെ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ19.58% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ള

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നത
സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷ
തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടു
ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 18-2-1014 മുതൽ 4-3-2014 വരെയുള്ള ഓഡിറ്റിൽ
മുതൽ 2012-13 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. LBA(HQ
2105 തിയതി,20-4-2017 നം. കത്ത് പ്രകാരം എല്ലാ ഖണ്ഡികകളും തീർപ്പാക്കി.

അക്കൌണ്ടന്റ് ജനറലിന്റെ 4-3-2014ൽ നടന്ന 2009-10 വർഷത്തെ സപ്ലി
ഓഡിറ്റ് റിപ്പോർട്ട് - LBA(HQ)/III/I/8B-914/13-14/24 തിയതി,17-9-2018 നം. കത്ത് പ്ര
എല്ലാ ഖണ്ഡികകളും തീർപ്പാക്കി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 9/2022,10/2022 മാസങ്ങളിലെ
പൂർത്തിയാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 08/2019 മുതൽ 10/2022വരെ 33 ഖണ്ഡി

തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയില്ല

പഞ്ചായത്തിന്റെ ലൈസൻസ് ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിച്ചിട്ടുള്ള തടി മില്ലുകൾക്ക് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതായി കണ്ടില്ല.

ലൈസൻസ് നമ്പർ	സ്ഥാപനത്തിൻറെ പേരും വിവരങ്ങളും	മോട്ടോറിന്റെ കുതിര ശക്തി	മോട്ടോർ ഫീസ്	
			ഈടാക്കിയ തുക	ഈടാക്കേണ തുക
11/2023-2024/SC1/778/2023	പൂവ്വത്താണി	30	0	300
35/2023-2024/SC1/968/2023	ശാസ്താ	34.5	0	400
9/2023-2024/SC1 / 751 /2023	ആബിദ	37.5	0	400

ഓഡിറ്റ് അന്വേഷണം 6(2)/ 20.11.2024 -തെ പരാമർശത്തിന്, പ്രസ്തുത സ്ഥാപനങ്ങ ഉടമസ്ഥർക്ക് നോട്ടീസ് നൽകിയതായും, തുക ഈടാക്കി രേഖകൾ ഓഡ സമർപ്പിക്കുന്നതാണെന്ന് നമ്പർ JC1/2482/2024 തീയതി 22.11.2024 കത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് .
തുടർ നടപടി സ്വീകരിച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-12 യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാന തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധി മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്ക എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്ത സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്ത് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്സ് തയ്യാറാക്കുന്നതിൽ കാലത ഉണ്ടാകുന്നുണ്ട്.

മിനുട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

A)മിനുട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
4/1/2024	20/3/2024
23/1/2024	10/5/2024
6/2/2024	18/5/2024
9/2/2024	18/5/2024

12/2/2024	20/3/2024
13/2/2024	21/5/2024
21/2/2024	21/5/2024
7/3/2024	21/5/2024
12/3/2024	12/7/2024
8/4/2024	21/5/2024
22/4/2024	21/5/2024
14/5/2024	2/8/2024
14/6/2024	9/9/2024
15/7/2024	18/9/2024
21/8/2024	15/10/2024
14/8/2024	9/9/2024
13/9/2024	9/10/2024
23/9/2024	28/10/2024

B)താഴെ പറയുന്ന യോഗങ്ങളുടെ മിനുട്ട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ട എണ്ണത്തിന്റെ മിനുട്ട്സ് എൻട്രി നാളിതുവരെ തുടങ്ങിയിട്ടില്ല.

1	14/10/24	ഭരണസമിതി യോഗം	സാധാരണ യോഗം
2	12/11/24	ഭരണസമിതി യോഗം	സാധാരണ യോഗം

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനുട്ട്സ് തയ്യാറാക്കി അംഗ വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ എൻകപയറി നം.33/25-11-2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

യോഗമിനുട്ട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാ അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

1-13 ഹെൽത്ത് ഗ്രാന്റ് -ഒരേ സാങ്ഷൻ ഓർഡർ പ്രകാരം രണ്ടു പ്രാവശ്യം തുക അനുവദിച്ചു

Health Grant Towards Support For Diagnostic Infrastructure To The PHCs- അകെ വാർഷിക ധനകാര്യ പത്രിക പ്രകാരം 693439 രൂപയും, ചെലവ് പത്രിക പ്രകാര രൂപയും ആണ്. ബാങ്ക് ഓഫ് ബറോഡ -യുടെ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് 6271010001699 -ന്റെ റികൺസിലേഷൻ സ്റ്റേറ്റ്മന്റ് പരിശോധിച്ചപ്പോൾ സാങ്ഷൻ ഓർഡർ (359/16-3-2024) പ്രകാരം 20.03-2024 ലും, 27.03.2024-ലും തവണയായി 32622 രൂപ കൈമാറിയതായി കാണ്ടു. മെഡിക്കൽ ഓ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ട് നം. 333/24-രോഗ പരി സംവിധാനം മെച്ചപ്പെടുത്തൽ എന്ന പദ്ധതി നടത്തിപ്പിലെ ചെലവുമായി ബന്ധ ചിപ്പുസ് സ്റ്റോർ, റഷീദ് കനറാ ബാങ്കിന്റ അക്കൗണ്ടിലേക്കാണ് (അ നം.0741261001351) തുക കൈമാറിയിരിക്കുന്നത്. തുക കൈമാറിയതു സംബ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	20-3-2024ലെ തുക നൽകിയത് സംബന്ധിച്ച വിവരം	27-3-2024ലെ തുക നൽകിയത് സംബന്ധിച്ച വിവരം
ഫ്രണ്ട്സ് ഓഫീസ് ILGMS ഇൻവേർഡ് നം.	SC2/1138/19-3-2024	SCs/1334/26-3-2024

PFMS Transaction ID	C032447495064/ 19-3-2024	C032475526093/ 26-3-2024
Payment Voucher No.	22300965/26-3-2024	22301024/30-3-2024
PFMS Cheque No.	Co32438649490/ 20-3-2024	C032453472654/ 27-3-2024

ചിപ്പു സ്റ്റോർ എന്ന സ്ഥാപനത്തിന് അക്കൗണ്ടിംഗ് പിഴവ് മൂലം ₹32622/- അ
നൽകിയതിനാൽ പ്രസ്തുത തുക തിരിച്ചടക്കുന്നതിന് സ്ഥാപനത്തിന്
നൽകിയിട്ടുണ്ട് എന്നും ആയത് അടിയന്തിരമായി പരിഹരിച്ച് അറിയിക്കുന
എന്ന് ഓഡിറ്റ് എൻകയറി നം.7/20-3-2024ന് മറുപടി ലഭ്യമാക്കി.
മെഡിക്കൽ ഓഫീസറുടെ 28-11-2024ലെ 297/2024 നം. കത്ത് പ്രകാരം
നം.1240102405/G090507 തിയതി, 27-11-2024ന് ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ
അറിയിച്ചിട്ടുണ്ട്.

1-14 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2023-24 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തച്ചനാട്ടുകര
പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അപകടകരമായി നിൽക്കു
നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്നതുമായ ഇലക്ട്രിക്ക് പോ
മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക നൽകുന്നതിനാണ്
ആസൂത്രണം ചെയ്തിട്ടുണ്ട്. അതു പ്രകാരം ശ്രീകൃഷ്ണപുരം, കുമരംപു
താഴേക്കോട്, പെരിന്തൽമണ്ണ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് തുക
നൽകിയിട്ടുണ്ട്. വിശദവിവരംതാഴെ കൊടുക്കുന്നു.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ	ചെലവ് തുക, ബിൽ നം., തിയ്യതി	ഇലക്ട്രിക്കൽ സെക്ഷൻ
1	8/24 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ	200000വികസന ഫണ്ട് ജനറൽ	200000/- 103/06.10.23-62795/-	ശ്രീകൃഷ്ണപുരം -13820/- കുമരംപുത്തൂർ 48975/-
			161/29.11.23-14802/-	കുമരംപുത്തൂർ
			281/28.02.24-32202/-	താഴോക്കോട്
			302/19.02.24-15514/-	കുമരംപുത്തൂർ
			408/23.03.24-16011	പെരിന്തൽമണ്ണ
			505/25.03.24-58676/-	ശ്രീകൃഷ്ണപുരം

ശ്രീകൃഷ്ണപുരം, താഴേക്കോട് ഇലക്ട്രിക്ക് സെക്ഷനുകളിൽ നിന്നു വിന
സാക്ഷ്യപത്രം ലഭ്യമാക്കുകയും മറ്റു ഇലക്ട്രിക്കൽ സെക്ഷനുകളിൽ
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് അയച്ചിട്ടു
ഓഡിറ്റ്എൻകയറിക്ക് (4/20.11.24) മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപ
അറിയിക്കേണ്ടതാണ്.

1-15 എ ബി സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമല്ല

പ്രൊജക്ട് നം., പേര്	342/24, തെരുവുനായ പ്രജനന നിയന്ത്രണ പദ്ധതിക്ക് ബ്ലോക്കിന് തുക കൈമാറൽ
അടങ്കൽ	350000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	350000, 292/16.02.24
നിർവഹണം	സെക്രട്ടറി

മണ്ണാർക്കാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2023-24. വാർഷിക പദ്ധതിയുടെ ഭാ ബ്ലോക്ക് തല എ.ബി.സി സെന്ററർ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വി നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത് . മേൽ സൂചിപ്പിച്ച പ്രകാരം തുക മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിന സാക്ഷ്യപത്രം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കാമെന്ന് എൻകപയറിക്ക് (5/20.11.24) മറുപടി ലഭ്യമാക്കി. തുടർ നടപടി അറിയിക്കേണ്ടതാണ്.

1-16 അംഗണവാടി കെട്ടിട നിർമ്മാണം വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്വന്തമായി സ്ഥ അംഗണവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് വികസന ഫണ്ട് ജ ധനകാര്യകമ്മീഷൻ അവാർഡ് എന്നീ തുകകൾ വകയി എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന നിർമ്മാണം പൂർത്തിയാക്കുന്നതിന വെള്ളയമ്പലം ശാഖയിലുള്ള സംസ്ഥാന എം.ജി.എൻ.ആർ.ഇ.ജി.എസ് ഡയറക്ടറുടെ 67283168724അക്കൗണ്ട് നമ്പറിലേക്ക് താഴെ ചേർക്കുന്നതു പ്രകാര കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1)പ്രൊജക്ട് നം 369/24പാലോട് ഈസ്റ്റ് അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	200000 വികസനഫണ്ട് ജനറൽ
ചെലവ്	200000, ബിൽ നം 32/20.02.24

2)പ്രൊജക്ട് നം 367/24, ചോളോട് അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	150000 വികസനഫണ്ട് ജനറൽ
ചെലവ്	150000, ബിൽ നം 30/20.02.24

3)പ്രൊജക്ട് നം So200/24, ചോളോട് അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	150000 ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	150000, ബിൽ നം 307/19.02.24

4)പ്രൊജക്ട് നം So198/24 തൊടുകാപ്പ് അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	300000 ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	150000, ബിൽ നം 308/19.02.24

5)പ്രൊജക്ട് നം 368/24തൊടുകാപ്പ് അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	50000 വികസന ഫണ്ട് ജനറൽ
ചെലവ്	50000, ബിൽ നം 311/19.02.24

6)പ്രൊജക്ട് നം 370/24മണലുമ്പുറം അംഗണവാടി കെട്ടിടനിർമ്മാണം

അടങ്കൽ	200000/- ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	200000/-, ബിൽ നം 309/19.02.24

7)പ്രൊജക്ട് നം 366/24കരിങ്കല്ലത്താണി വെള്ളക്കുന്ന് അംഗണ കെട്ടിടനിർമ്മാണം

അടങ്കൽ	300000/- ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	300000/-, ബിൽ നം 306/19.02.24

മേൽ സൂചിപ്പിച്ച 7 പദ്ധതികൾ ആവിഷ്കരിച്ച് 5 അംഗണവാടികൾക്ക് നിർമ്മാണത്തിനുള്ള തുക കൈമാറിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് ലക്ഷം, ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3 ലക്ഷം, സാമൂഹിക നീതി വ ലക്ഷം, ജില്ലാപഞ്ചായത്ത് വിഹിതം 5 ലക്ഷം ഉൾപ്പെടെ 15 ലക്ഷം രൂ എസ്റ്റിമേറ്റ് കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാണത്തിന്റെ പ്ര പൂർത്തികരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ല ലഭ്യമാക്കേണ്ടതാണ്.

1-17 വനിത ജിംനേഷ്യം പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രൊജക്ട്	**161/24വനിതകൾക്ക് ജിംനേഷ്യം**
അടങ്കൽ	1500000/- വികസന ഫണ്ട് ജനറൽ-500000/- ജില്ലാ പഞ്ചായത്ത് വിഹിതം-1000000/-
ചെലവ്	500000/- 311/19.02.24

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

5 ലക്ഷം രൂപ ഗ്രാമപഞ്ചായത്തും 10 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് വിഹി ഉൾപ്പെടുത്തി അണ്ണാംതൊടി ഗ്രൗണ്ടിനോട് ചേർന്ന് വനിതകൾക്ക് ജിം പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് വിഹിതം ജില്ലാപഞ്ച സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക്(A/C No 799011400002200) കൈമാറു ചെയ്തിരിക്കുന്നത്.

23.11.24 തിയ്യതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അണ്ണാം പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുകളിൽ ജിംനേഷ്യത്തിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവർ ആരംഭിച്ചിട്ടില്ല . ചിത്രം താഴെ കൊടുക്കുന്നു

1.  2.  3. 

സ്ഥാപിച്ച ഉപകരണങ്ങളിൽ ട്രെഡ് മിൽ കേടു വന്ന നിലയിലാണ് കണ്ടത്. ര വാറന്റി കാലാവധിക്കു മുമ്പ് കേടുപാടുകൾ പരിഹരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിന്ന് ഉപകരണങ്ങൾ കൈമാറി കിട്ടുന്ന മുറയ്ക്ക് സ്റ്റോക്കിലെ ട്രയിനറുടെ സൗകര്യം ഉപയോഗപ്പെടുത്തി വനിത ജിംനേഷ്യം ലക്ഷ്യ കൈവരിക്കത്തക്കവിധത്തിൽ നടപടികൾ എടുക്കേണ്ടതാണ്.

1-18 കണ്ടിജന്റ് ചെലവുകൾ -ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം	So127/24 , പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ ചെലവുകൾ
അടങ്കൽ	500000മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ചെലവ്	436651/- 17/06.06.23-300000 158/29.11.23-100000 318/22.02.24-36651/-

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി നിർ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് അഡ്വാൻസായി തുക കൈമാറിയിട്ടുണ്ട്. വിവരം താഴെ കൊടുക്കുന്നു.

ബിൽ നം,തിയ്യതി	തുക	നിർവഹണ ഉദ്യോഗസ്ഥർ
17/06.06.23	300000/-	മെഡിക്കൽ ഓഫീസർ, PHC-85000/-
		HM , GLPS-50000
		ICDS സൂപ്പർവൈസർ-75000/-
		വെറ്ററിനറി സർജൻ-20000
		വി.ഇ.ഒ-25000
		മെഡിക്കൽ ഓഫീസർ , GAD-25000
		കൃഷി ഭവൻ -20000
158/29.11.23	100000	മെഡിക്കൽ ഓഫീസർ,PHC-25000/-
		ICDS സൂപ്പർവൈസർ-15000/-
		വെറ്ററിനറി സർജൻ-15000
		വി.ഇ.ഒ-15000
		മെഡിക്കൽ ഓഫീസർ , GAD-15000
		കൃഷി ഭവൻ -15000
318/22.02.24	36651/-	മെഡിക്കൽ ഓഫീസർ,PHC-18651/

		ICDS സൂപ്പർവൈസർ-18000/-

നിർവഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി തുക നൽകിയത ബന്ധപ്പെട്ട ഓഡിറ്റ് എൻകപയറിക്ക് (23/23.11.24) ലഭ്യമായ മറുപടി കൊടുക്കുന്നു.

സീരിയൽ നം.	നിർവഹണ ഉദ്യോഗസ്ഥൻ	നൽകിയ തുക	ചെലവു ചെയ്ത തുക	ബാലൻ തുക
1	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	108000/-	103306/-	4694/-
2	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	128651/-	116714/-	11937/-
3	വി.ഇ.ഒ	40000	0	40000
4	ഹെഡ്മാസ്റ്റർ	50000	0	50000
5	മെഡിക്കൽ ഓഫീസർ, ആയുർവേദം	40000	40000	0
6	വെറ്ററിനറി സർജൻ	35000	35000	0

ക്രമ നം 1, 2എന്നീ നിർവഹണ ഉദ്യോഗസ്ഥർ വിനിയോഗ സാക്ഷ നൽകിയതിൽ വർഷാവസാനം തുക ചെലവഴിക്കാതെ അവശേഷിക്കുന്നതാ ക്രമ നമ്പറിലുള്ള നിർവഹണ ഉദ്യോഗസ്ഥർ തുക മുഴുവനായും ചെലവഴിച്ച കാണുന്നു. ക്രമ നം 3,4 എന്നീ നിർവഹണ ഉദ്യോഗസ്ഥർ ചെലവു ര ലഭ്യമാക്കിയിട്ടില്ല.
വിനിയോഗ വിവരം, ചെലവു വൗച്ചറുകൾ സെക്രട്ടറി പരിശോധിച്ച കാണുന്നില്ല. ചെലവു രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംസ്ഥാന സഞ്ചിതനിധിയ അടവാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 436651/- ക ചെയ്തതു തടസ്സപ്പെടുത്തുന്നു.

1-19 പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമായില്ല

പ്രൊജക്ട്	141/24 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ
അടങ്കൽ	329000വികസന ഫണ്ട് Gen
ചെലവ്	321248/- , 160/29.11.23
പ്രൊഫോർമ ഇൻവോയ്സ് നം	1)കമ്പ്യൂട്ടർ-48496/04.05.23-138864/- 2)A3 SCANNER-51572/20.11.23-103392/- 3)പ്രിന്റർ-2023-24/Pkd-3716, 27.11.23-22992/- 4)M.F.Printer -2023-24/Pkd-3712,27.11.23-56000/-

നിർവഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

കമ്പ്യൂട്ടറുകളും സ്കാനറും പ്രിന്ററുകളും വാങ്ങുന്നതിന് Kerala State IT Missio വെള്ളയമ്പലം, സബ്ട്രഷറി അക്കൗണ്ടിലേക്ക് (A/C No 799011400003959) നൽകിയിട്ടുണ്ട്. ചെലവ് വിശദാംശം താഴെ കൊടുക്കുന്നു.
പദ്ധതി പ്രകാരം താഴെ കൊടുക്കുന്ന ഇനങ്ങളാണ് വാങ്ങിയിരിക്കുന്നത്

1) A3 SCANNER(1എണ്ണം)-103392/-

2)കമ്പ്യൂട്ടർ 3 എണ്ണം- 138864/-

3) M.F.Printer 2(എണ്ണം)- 56000/-

4) പ്രിന്റർ2എണ്ണം- 22992/-

ക്രമനം 1,2 എന്നിവ CPCRI യിൽ നിന്നും ക്രമ നം 3,4 എന്നിവ ജെം മുഖാന്തിരവ ബിസ്സിനസ്സ് കോർപറേറ്റ് ബിസ്സിനസ്സ് എന്ന സ്ഥാപനത്തിൽ നിന വാങ്ങിയിരിക്കുന്നത്.അതിൽ ക്രമ 3,4 എന്നിവ ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ എന്നാൽ ക്രമ നം 1,2 എന്നിവ ലഭ്യമല്ലാത്തതായി കാണുന്നു. CPCRI യിൽ ഉ ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അനേ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (25/25.11.24) ക്രം നം 2പ്രകാരമുള്ള കമ്പ്യൂട്ട നിലവിൽ ലഭ്യമായിട്ടുണ്ടെന്നും സ്റ്റോക്കിലെടുത്തിട്ടില്ലായെന്നും ക്രമ 1പ്രകാരമുള്ള സ്കാനർ ലഭിച്ചിട്ടില്ലെന്നുമാണ്. സ്കാനർ ലഭ്യമാക്കാൻ സ്വീകരിക്കേണ്ടതാണ്.

1-20 സമഗ്ര കുടിവെള്ളപദ്ധതിക്ക് സ്ഥലം വാങ്ങൽ- ആസ്തി രജിസ്റ്റ ചേർത്തിയിട്ടില്ല.പോക്കുവരവ് നടത്തിയിട്ടില്ല

പ്രൊജക്ട്	2/24 സമഗ്ര കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ
അടങ്കൽ	2200000 -100000-തനതുഫണ്ട് 1200000-ഗ്രാമപഞ്ചായത്ത്
ചെലവ്	600000/-370/18.03.24 600000/- 538/30.03.24 883752/- 371/18.03.24

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തച്ചനാട്ടുകര -അലനല്ലൂർ-കോട്ടോ സമഗ്ര കുടിവെള്ളപദ്ധതിക്ക് ഭൂതല ജലസംഭരണി നിർമ്മിക്കു ശ്രീമതി.ഖദീജ, കൊങ്ങത്ത് വീട്, നാട്ടുകൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയ സർവേ നം 309/10ൽ ഉൾപ്പെട്ട 65 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്. വിശദ വിവരം കൊടുക്കുന്ന
22/02/2024 തിയ്യതിയിൽ സബ് രജിസ്ട്രാർ ഓഫീസ് മണ്ണാർക്കാട് വച്ച് 2024 1ാം പ 1702 വാല്യം, പേജ് 183 മുതൽ 192 വരെ 999-ാം നമ്പറായി ശ്രീ.എൻ.പ്രദീപ് ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഭൂമി രജിസ്ററർ നടത്തിയ ഇക്കാര്യത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) സെക്രട്ടറിയുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും റവന്യു ര രേഖകളിൽ മാറ്റം വരുത്തിയിട്ടില്ല .

2) ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) 14.02.24 തിയ്യതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ ഉത്തര LSGD/JD/PKD/1075/2024-B6, ക്രമ നം 2 അനുസരിച്ച് സ്ഥലം അതിർത്തി സംരക്ഷിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയത് നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് എൻകൗയറിക്ക് (26/25.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി ര അറിയിക്കേണ്ടതാണ്.

1-21 തെരുവുവിളക്ക് പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്കുപരിപാലനം സംബ ചെലവുരേഖകൾ,വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ 2023-24(ശ്രീകൃഷ്ണപുരം, കുമരംപുത്തൂർ, താഴേക്കോട് എന്നീ ഇലക്ട്ര

സെക്ഷനുകൾക്ക് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ
947418/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ തെരുവുവിളക്ക് അ
മെയിന്റനൻസ് ,ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി വയ്ക്കൽ, മിനി മാസ്റ്റ് സ്ഥാപ
തുടങ്ങിയവക്കായി 1069430/-രൂപ തൻ വർഷം ചെലവു ചെയ്തിട്ടുണ്ട്. തെരുവു
പരിപാലനത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) 12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട്
ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച
ഗ്രാമ പഞ്ചായത്തിലെ തെരുവുവിളക്കുകൾ മുഴുവനായും മീറ്ററിംങ്ങ് അ
നടപടികൾ സ്വീകരിച്ചിട്ടില്ല.

2) കുമരംപൂത്തൂർ ഇലക്ട്രിക്കൽ സെക്ഷനിലെ കൺസ്യൂമർ നമ്പർ 1167421013
തെരുവു വിളക്കിന് മാർച്ച് ഇലക്ട്രിസിറ്റി ബിൽ അടച്ചിരിക്കുന്നത്. 35442/-രൂപ
മറ്റുള്ള തെരുവുവിളക്ക് താരതമ്യം ചെയ്യുമ്പോൾ അധികം ബിൽ വര
സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3)കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ച
പരിധിയിലുള്ള ലാമ്പുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല.

4)മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈ
ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾ
ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, *Burning Hours* എന്നിവ
അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന
പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്.
ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകയറ
31/25.11.24).കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന
ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ
നിശ്ചയിക്കേണ്ടതും മീറ്ററിംങ്ങ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

1-22 സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം

പ്രൊജക്ട്	19/24, കായിക പരിശീലനം
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ജി എൽ പി എസ് തച്ചനാട്ടുകര
അടങ്കൽ	₹ 50000 (തനത് ഫണ്ട്)
ചെലവ്	₹50000
വൗച്ചർ നം./ തീയതി	22300875/27.02.24

തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഫുട്ബോൾ, വോളിബോൾ എന്നിവ
പരിശീലനം നൽകുന്നതിനാണ് പ്രൊജക്ട് കൊണ്ട് ഉദ്ദേശിക്
പ്രൊജക്ടിനായുള്ള ചെലവ് താഴെചേർക്കും പ്രകാരമാണ്.

ഇനം	ചെലവ്
നോട്ടീസ്	600
മെമന്റോ	700
മെറിറ്റ് സർട്ടിഫിക്കറ്റ്	1000
ഫുട്ബോൾ, മറ്റിനങ്ങൾ വാങ്ങിയത	25390
കോച്ചിനുള്ള വേതനം	15000

1) സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 പഞ്ചവത്സര
തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 8.11 (4) പ്രകാരം 04.02.20
8378/DA1/2010/LSGD സർക്കുലർ അനുസരിച്ച് ഗ്രാമതല സ്പോർട്സ് കൗണ
രൂപീകരിച്ച് കായിക മേഖലയിലെ പ്രവർത്തനങ്ങൾ നടപ്പാക്
നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നത് സംഘ
ഗ്രാമതല സ്പോർട്സ് കൗൺസിൽ ചേർന്ന് തീരുമാനം എടുത്തിട്ടില്ല.

2)സർക്കാർ ഉത്തരവ് (സാധാ)1528/2023/LSGD/26.7.23 പ്രകാരം CPED, DPED, BPED, V
PEVHSC IN PE,G.V.Raja/KannurG.V.Raja/Kannur,Sports Division Sports Division നിന്നും P
പാസ്സായവർ, ഇവരുടെ അഭാവത്തിൽ വിരമിച്ച കായിക അധ്യ
എന്നിവരെയാണ് കായിക പരിശീലനത്തിന് പരിശീലകരായി നിയമിക്കേണ്ട
പ്രൊജക്ട് പ്രകാരം പരിശീലകന്റെ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്
പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രൊജക്ടിനായി കപട്ടേഷൻ മുഖേന ഫുട്ബോൾ, ഹഡ്ലിൽസ് തുടങ്ങിയ ഇ
ഇൻവോയ്സ് നം.23-24/B2C/H-1009/26.02.24 പ്രകാരം Yakka Sports, Perinthalmanna
സ്ഥാപനത്തിൽ നിന്നും 25390രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.
സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4) പ്രൊജക്ട് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയ

5) സബ്സിഡി, ധനസഹായം മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/തസ്വഭവ
28.05.22 ഖണ്ഡിക 7.7.3പ്രകാരം സ്ക്കൂളിലെ കായിക അദ്ധ്യാപ
സേവനത്തോടൊപ്പം എസ് എസ് കെ യുടെ സാദ്ധ്യത കൂടി ഉപയോഗപ്പെ
കായിക പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതും സ
അക്കാദമികളുടെ സഹായവും ഇതിനായി ഉപയോഗപ്പെടുത്തേണ്ടത
ഇപ്രകാരമുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

മേൽപ്പരാമർശങ്ങൾക്ക് വിശദീകരണം, ആവശ്യപ്പെട്ട രേഖകൾ പ
പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ
അന്വേഷണത്തിന് (29/25.11.24) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ
ലഭ്യമാക്കി, കൂടാതെ ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ല, എന
കെ -യുടെയോ സ്പോർട്സ് അക്കാദമികളുടെയോ സഹായം സ
പരിശീലനത്തിനായി ലഭിച്ചിരുന്നില്ലെന്നും ഭാവിയിൽ ഇത്തരം ഏജൻസി
സഹായസാധ്യത പരിശോധിക്കുന്നതാണെന്നും വരുംവർഷങ്ങളിൽ മാർ
പാലിച്ച് പ്രൊജക്ട് നടപ്പിലാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
പദ്ധതി മാർഗ്ഗരേഖ പാലിക്കേണ്ടതും പരിശീലനത്തിനായി യോ
അധ്യാപകരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

1-23 പ്രീ പ്രൈമറി കുട്ടികളുടെ കലാകായിക മത്സരം

പ്രൊജക്ട്	16/24, പ്രീ പ്രൈമറി കുട്ടികളുടെ കലാകായിക മത്സരം
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ജി എൽ പി എസ് തച്ചനാട്ടുകര
അടങ്കൽ	₹ 50000 (തനത് ഫണ്ട്)
ചെലവ്	₹50000
സാങ്ഷൻ ഓർഡർ നം./തീയതി	247/25.01.24

പ്രൊജക്ടിനായുള്ള ചെലവ് താഴെചേർക്കും പ്രകാരമാണ്.

ഇനം	ചെലവ്
നോട്ടീസ്, ബാനർ	2350
ട്രോഫി	6300
ലൈറ്റ് & സൗണ്ട്	10000
ഭക്ഷണം	31400

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ ത.സ്വ.ഭ.വ തീയതി 28.05.22 ഖ 7.5.1 പ്രകാരം അങ്കണവാടി കുട്ടികളുടെ കായിക കലാ മത്സരങ്ങൾ ഓരോ വർ നടത്താവുന്നതും റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ പ്രോത സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പെടെ 15000രൂ വരെ പര ചെലവഴിക്കാവുന്നതാണ്. എന്നാൽ പ്രൊജക്ട് പ്രകാരം സർക്കാർ, സ്ക്കൂളുകളിലെ പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് കലാ മത്സരം നടത്തുന്നത തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖ പരാമർശിക്കാത്ത ഇനത്തിനായി തുക ചെലവഴിച്ചതിന് പ്രത്യേകം സ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ട അല്ലാത്തപക്ഷം സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേ (36/26.11.24) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ നടപ്പിലാക്കുമ്പോൾ പദ്ധതി സബ്സിഡി മാർഗ്ഗരേഖകൾ ബാധകമായ സ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതാണ്. മേൽപ്പരാമർശത്തിന് മ ലഭ്യമാക്കേണ്ടതും ഇപ്രകാരം തുക ചെലവഴിക്കുന്നതിന് സർക്കാർ അ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-24 സാക്ഷരതാ തുല്യതാ പഠനം

പ്രൊജക്ട്	201/24, എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടു തുല്യതാ കോഴ്സിന് ധനസഹായം
നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
അടങ്കൽ	₹200000 (തനത് ഫണ്ട്)
ചെലവ്	₹ 162200
ചെക്ക് നം./ തീയതി	6280552/07.12.23

പത്താംതരം തുല്യത പരീക്ഷാ രജിസ്ട്രേഷൻ, കോഴ്സ് ഫീയിനങ്ങളിൽ 51800രൂ സംസ്ഥാന സാക്ഷരതാ മിഷന്റെ എസ് ബി ഐ ബാങ്ക് അക്കൗണ്ട് SBIN 57026996123-ലേക്കും പ്ലസ് വൺ, പ്ലസ് ടു തുല്യതാ പരീക്ഷകൾക്കയി രജിസ്ട കോഴ്സ് ഫീസ് ഇനങ്ങളിൽ ആകെ തുകയായ 110400രൂ യൂക്കോ ബാങ്ക് അ നം.UCBA0000288-02880100113107-ലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വിശ താഴെചേർക്കുന്നു.

കോഴ്സ്	എണ്ണം	രജിസ്ട്രേഷൻ ഫീ + കോഴ്സ് ഫീ	ആകെ
പത്താം തരം	28	1850	51800
പ്ലസ് വൺ	34	2300	78200
പ്ലസ് ടു	14	2300	32200

പഠിതാക്കളുടെ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പൂർത്തിയാക്കിയതിന്റെയും പരീക്ഷ എഴുതിയതിന്റെയും രേ

പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധ
ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി (15/22.11.24) ലഭ്യമാക്ക
ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-25 അങ്കണവാടി കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പുവരുത്തിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 2
ലെ സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ ക
വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചി
ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാട
സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാ
വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവ
സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്ക
പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പുവർഷം അസിസ്റ്റന്റ് എഞ്ചി
പരിശോധിച്ച് നൽകിയ ഫിറ്റ്നസ്സ് സാക്ഷ്യപത്രം പരിശോധിച്ചതിലെ വിശദാം
താഴെചേർക്കുന്നു.

അങ്കണവാടികളുടെ ആകെ എണ്ണം	26
Fit	14
Unfit	01
Fit (നിബന്ധനകളോടുകൂടെ അനുവദിച്ചിരിക്കുന്നു)	11

മേൽ പട്ടികയനുസരിച്ച് പൂർണ്ണതോതിൽ പ്രവർത്തനയോഗ്യമായ കെട്ടിട
അങ്കണവാടികൾക്കു മാത്രമാണമുള്ളത്.
നിബന്ധനകളോടുകൂടി ഫിറ്റ്നസ് ലഭ്യമായ 11കെട്ടിടങ്ങളിൽ അടി
നടപടികൾ സ്വീകരിച്ച് പരാമർശിച്ച ഘടകങ്ങൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ
രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. Unfit എന്ന് സാക്ഷ്യപ്പെടു
കെട്ടിടത്തിൽ (സെന്റർ നം.134-ചോലോട്) നിലവിലും അങ്കണ
പ്രവർത്തിച്ചുവരുന്നു. ഇതിൽ നാളിതുവരെയും തുടർനടപ
സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽ
ഓഡിറ്റ് അന്വേഷണത്തിന് (34/25.11.24) മറുപടി ലഭ്യമാക്കിയില്ല.

പൂർണ്ണതോതിൽ ഫിറ്റ്നസ്സ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാ
പ്രവർത്തിപ്പിക്കുന്നത് കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന ഗൗരവത
വിഷയമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെയും നിർ
ഉദ്യോഗസ്ഥന്റെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. തുടർനടപടിയുടെ
അറിയിക്കേണ്ടതാണ്.

1-26 കോക്ലിയർ ഇംപ്ലാന്റേഷൻ തുടർചികിത്സ - തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്

പ്രൊജക്ട്	51/24, ക്കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് തുടർചികിത്സാ പ്രവർത്തനത്തിന് ധനസഹായം
അടങ്കൽ	₹ 100000 (വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ്	₹100000
നിർവഹണ ഉദ്യോഗസ്ഥ	ഐ സി ഡി എസ് സൂപ്പർവൈസർ

വൗച്ചർ നം. നം./തീയതി	22300962/24.03.24

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ ത 28.05.2022 പ്രകാരം കോക്ളിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായ് കുട്ടിക്ക് 50000രൂപ പ്രകാരം 100000രൂ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് (PUNB(3301005800000015) കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശം ച ചേർക്കുന്നു.

1.ഫാത്തിമ ഹന്നത്ത് കെ പി, D/O റസിയ, കലംപറമ്പിൽ ഹൗസ്, നാട്ടുകൽ

2. മുഹമ്മദ് ആയ്മാൻ മാലിക്, S/Oമുഹമ്മദ് തിട്ടുമ്മൽ, ചോളോട്

സ.ഉ സാധാ നം. 162/2023/SJD/26.07.2023 പ്രകാരം വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെ ഏജൻസിക്ക് നൽകണമെന്നും തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ് നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥ വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടികളുടെ പരാമർശിക ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏ ലഭ്യമാക്കേണ്ടതുമാണ്. പ്രൊജക്ട് പ്രകാരം മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (14/22.11.24) നൽകിയതിന് സ്റ്റേറ്റ് ഹെ ഏജൻസിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗ വിവരം ലഭ്യമ മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. കൈമാറിയ ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും രേ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-27 ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തിയായിട്ടില്ല

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതി താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ പൂർത്തിയാക്കിയിട്ടില്ല.

പേര്	കൈപ്പറ്റിയ ആകെ തുക	അവസാനമായി തുക കൈപ്പറ്റിയത്
അജിത മധു, കുന്നുപുറത്ത്, നാട്ടുകൽ	140000	13.06.23
രമ്യ ദിജീഷ്, കിണറത്ത	90000	14.03.24
ശാരദ പരിയാനി, മുട്ടിക്കുന്നുകളം, പാലോട്	140000	07.09.23
ഷീബ സിജിലേഷ്, കൂളാകുർശ്ശി	250000	24.03.24
ദിവ്യ ഹരിദാസൻ, കാരക്കാട്ടുപറമ്പിൽ, തള്ളച്ചിറ	240000	24.03.24

ഭവനനിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടി അറിയിക്ക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/25.11.24) മ ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് നടത്തി ഗുണഭോക്താക്കൾ ഭവനനിർമ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേ തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-28 ഗാർഹിക കക്കൂസ് നിർമ്മാണം- അധികം തുക അനുവദിച്ചു

പ്രൊജക്ട്	21/24, ഗാർഹിക കക്കൂസ് നിർമ്മാണം 2023-24
അടങ്കൽ	1355200 (299200-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1056000- കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	913800 (193800ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 720000- കേന്ദ്രാവിഷ്കൃത ഫണ്ട്)

ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി 12000രൂപ വീതം ശുചിത്വമിഷൻ 3400രൂപ വീതം ധനകാര്യകമ്മീഷൻ ഗ്രാന്റും ചേർന്ന് 15400രൂ അനുവദിക്കുന പ്രൊജക്ട്. ചെലവുരേഖകൾ പരിശോധിച്ചതിൽ രണ്ടു ഗുണഭോക്താക്കൾക്ക് അ തുക അനുവദിച്ചിരിക്കുന്നു. വിശദാംശം ചേർക്കുന്നു.

പേര്, വിലാസം	വൗച്ചർ നം, തീയ്തി,	ആകെ അനുവദിച്ച തുക	ബാങ്ക് അക്കൗണ്ട്	അധികം നല്കിയ തുക
അനിത	22300982/27.03.24 – 12000 22300975/26.03.24 – 12000 22300986/27.03.24-3400	27400	BRB0MANNAR 37010100012220	12000
മുസ്തഫ യു പി	22300982/27.03.24– 12000 22300975/26.03.24 –12000 22300986/27.03.24-3400	27400	BRBOVJ 37018100000800	12000

അംഗീകരിച്ച പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്ക ധനസഹായം 15400 രൂപയാണെന്നിരിക്കെ മേൽപ്പറഞ്ഞ രണ്ടു ഗുണഭോക്താക 27400രൂപ വീതം അനുവദിച്ചിരിക്കുന്നു.
ഖണ്ഡിക 3-1 കാണുക. (ഓഡിറ്റ് അന്വേഷണം -13/22.11.24)

1-29 ലൈഫ് ഭവനനിർമ്മാണം - രജിസ്റ്ററിൽ പൂർണ്ണവിവരം രേഖപ്പെടുത്തിയിട്ടില്ല

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മ എസ് സി പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി രാധ ഉണ്ണികൃഷ്ണൻ, ഉ കൊടക്കാട് എന്നവർക്ക് മുൻവർഷങ്ങളിൽ രണ്ടുഗഡുക്കളായി 1- അനുവദിച്ചിട്ടുണ്ട്. 23-24-ൽ 39/24, 40/24 പ്രൊജക്ടുകളിലുൾപ്പെടുത്തി താഴെ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

പ്രൊജക്ട്	വിഹിതം, സാങ്ഷൻ ഓർഡർ	തുക
39/24	ലോൺ, 357/15.03.24	50000
40/24	എസ് സി പി, 251/27.01.24	50000
40/24	സ്റ്റേറ്റ് ഷെയർ, 37/17.06.23	100000
40/24	സ്റ്റേറ്റ് ഷെയർ, 462/24.03.24	50000

എന്നാൽ തുക കൈമാറുന്നതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററിൽ സാ ഓർഡർ 251/27.01.24പ്രകാരം ഒരു ഗഡു തുക 50000രൂ അനുവ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തിയ്ക്ക് മുൻവർഷങ്ങളിൽ 140000രൂപയുൾ നിലവിൽ 390000രൂ അനുവദിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വീണ്ടും നൽകുവാനുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്താതിരുന്നതിനും നടപ്പുവർഷത്തിൽ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ആവശ്യപ്പെട്ട് ന ഓഡിറ്റ് അന്വേഷണത്തിന് (30/25.11.24) മറുപടി ലഭ്യമാക്കിയില്ല. ഗഡ അനുവദിക്കുന്ന മുറയ്ക്ക് കൈമാറിയ തുകയുടെ വിവരം രജിസ്റ്ററിൽ കൃത്യ രേഖപ്പെടുത്തേണ്ടതാണ്. മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടിയുടെ റ അറിയിക്കേണ്ടതുമാണ്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 84/2022/തസ്വഭവ ത 19.04.22 ഖണ്ഡിക 17പ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രൊജക്ടും കാര്യത്തിൽ പ്രൊജക്ട് പൂർത്തിയായാൽ ഉടൻ പ്രൊജക്ടിൽ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടത പലവർഷങ്ങളിലായി നടപ്പിലാക്കുന്നതിനാൽ പല ഗഡുക്കളായി കൈമാറുന യഥാസമയം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയെന്ന് നിർ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-30 പി എം എ വൈ വിഹിതം നൽകൽ - വിനിയോഗം ഉറപ്പുവരുത്തിയിട്ടില്ല

പ്രൊജക്ട്	303/24, PMAY ഭവനനിർമ്മാണം എസ് സി പി
നിർവഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	90000(വികസനഫണ്ട്-എസ് സി പി)
ചെലവ്	90000

സാങ്ഷൻ ഓർഡർ നം, തീയതി	23/11.06.23

പ്രൊജക്ട് പ്രകാരം പി എം എ വൈ ഭവനനിർമ്മാണ പൂർത്തീകരണത്തിനായി മണ്ണാർക്കാട് ബ്ലോക്കിന് കൈമാറിയിട്ടുണ്ട്. തുക ഏത് ഗുണഭോക്താവ് വിനിയോഗിച്ചു എന്നതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (11/22.11.24) മറുപടി ലഭ്യമാക്കിയില്ല. കൈമാറിയ തുക വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

1-31 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ -PHC നിർവഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഗ്രാന്റ് പദ്ധതിയിലെ വാങ്ങലുകളിൽ അപാകതകൾ കാണുന്നു. വിശദവിവരങ്ങൾ ചേർക്കുന്നു.

() വാങ്ങിയ വസ്തുക്കൾ സ്റ്റോക്കിൽ വന്നിട്ടില്ല.

() ക്യാഷ് ബുക്ക് അപൂർണ്ണമാണ്. ക്യാഷ് ബുക്ക് ശരിയായ രീതി പരിപാലിക്കുന്നില്ല. ഹെൽത്ത് ഗ്രാന്റ് പദ്ധതിയുടെ (പ്രൊജക്ട് നമ്പർ : 313 ഇടപാടുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെ നമ്പർ ,പേര	ബിൽ നമ്പർ , സാങ്ഷൻ നമ്പർ തിയതി	ഇൻവോയ്സ് നമ്പർ, തിയതി	തുക
333, രോഗ പരിശോധന സംവിധാനം മെച്ചപ്പെടുത്തൽ 2022-2023	5084000401230142, 539 / 30.03.2024	103 / 20.03.2024, ഹിൽ ടോപ് ഫർണീച്ചർ	23000
	5084000401230138, 527 / 27.03.2024	1284/ 20.03.2024, അക്ഷര പ്രസ്സ	4600
334, ഹെൽത്ത് ആൻഡ് വെൽനെസ്സ്	5084000401230140, 529 / 27.03.2024	835 / 27.03.2024, ചിപ്പുസ് സ്റ്റോർ	1516

തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-32 തുടർനടപടികളുടെ അഭാവം(മെഡിക്കൽ ഓഫീസർ -ഹോമി

കൃത്യസമയത്ത് മരുന്നുകൾ ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമാകുന്നില്ല

